بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 09.08.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## മുറൈസീഅ് യുദ്ധനീക്ക സംഭവങ്ങൾ - 3

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ۝ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ۝
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۝ اَلرَّحۡمٰنِ الرَّحِيۡمِ ۝ مٰلِكِ يَوۡمِ الدِّيۡنِ ۝ اِيَّاكَ
نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ۝ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۝

ഞാൻ മുറൈസീഅ് യുദ്ധത്തെയും അതിൽ അബ്ദുല്ലാഹ് ബിൻ ഉബയ്യ് തിരുനബി(സ)യെ സംബന്ധിച്ച് തെറ്റായ കാര്യങ്ങൾ പറഞ്ഞതിനേയും കാപട്യത്തിന്റെ മാർഗം സ്വീകരിച്ചതിനേയും സംബന്ധിച്ചാണ് പറഞ്ഞിരുന്നത്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്ത് ഖാതമുന്നബിയ്യീനിൽ ഈ സംഭവത്തെ വിവരിച്ചുകൊണ്ട് എഴുതുന്നു: യുദ്ധവസാനത്തിനുശേഷം നബി(സ) മുറൈസീഇൽ കുറച്ചു ദിവസം തങ്ങുകയുണ്ടായി. പക്ഷേ ഈ താമസത്തിന് ഇടയിൽ മുനാഫിഖീങ്ങളുടെ വളരെ മോശമായ പെരുമാറ്റം ഉണ്ടായി; അത് മുഖേന ദുർബലരായ മുസ്‌ലിംകൾക്കിടയിൽ ആഭ്യന്തര യുദ്ധത്തിനുപോലും സാധ്യതയുണ്ടായിരുന്നു. പക്ഷേ നബി(സ)യുടെ അവസരോചിതമായ നീക്കവും കാന്തിക പ്രഭാവമുള്ള അവസ്ഥയും ഈ ഫിത്ന യുടെ ഭയാനകമായ അവസ്ഥയിൽനിന്നും മുസ്‌ലിംകളെ സംരക്ഷിച്ചു.

ഈ സംഭവം ഇപ്രകാരമായിരുന്നു, ഹദ്റത്ത് ഉമർ(റ)ന്റെ ഒരു ഭൃത്യൻ ജഹ്ജാ മുറൈസീഇലുള്ള അരുവിയിൽ വെള്ളമെടുക്കാൻ പോയ അതേ സമയത്ത് യാദൃശ്ചികമായി സിനാൻ എന്ന് പേരുള്ള അൻസാറുകളുടെ സുഹൃത്തുക്കളിൽപ്പെട്ട മറ്റൊരു വ്യക്തിയും വെള്ളമെടുക്കാൻ അവിടെയെത്തി. വിവരദോഷികളും സാധാരണക്കാരുമായിരുന്ന ഇവർ രണ്ടുപേരും തമ്മിൽ അരുവിയിൽ വഴക്കുണ്ടായി. ജഹ്ജാ സിനാനെ മർദിച്ചപ്പോൾ സിനാൻ വളരെ ഉച്ചത്തിൽ അലറി വിളിച്ചു; അൻസാറുകളേ, എന്നെ സഹായിക്കാൻ വരുവിൻ. ജഹ്ജാ, ഇത് കണ്ടപ്പോൾ അയാളും മുഹാജിരീങ്ങളെ വിളിച്ചു. ഇത് കേട്ട് അൻസാറുകളും മുഹാജിരീങ്ങളും വാളുമെടുത്ത് പ്രസ്തുത അരുവിയിലേക്ക് ഓടിയെത്തി. പെട്ടെന്ന് അവിടെ ഒരു വലിയ സംഘം ഒത്തുകൂടി. പരസ്പരം ആക്രമിക്കും എന്ന നിലയിലായിരുന്നു പക്ഷേ അപ്പോഴേക്കും കാര്യവിവരമുള്ള ആത്മാർത്ഥരായ മുഹാജിങ്ങളും അൻസാരീങ്ങളും അവിടെയെത്തി ഉടൻ തന്നെ ആളുകളെ പിടിച്ചു മാറ്റുകയും സന്ധിയിലാക്കുകയും ചെയ്തു. നബി(സ) ഈ വാർത്ത അറിയാൻ ഇടയായപ്പോൾ പറഞ്ഞു: ഇത് ജാഹിലിയത്തിന്റെ പ്രകടനമാണ്, അതിൽ നബി(സ) നീരസം പ്രകടിപ്പിക്കുകയും ചെയ്തു. എന്നാൽ മുനാഫിഖീങ്ങളുടെ നേതാവ് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലുൽ ഈ സംഭവം അറിഞ്ഞപ്പോൾ ഈ ഫിത്നയെ വീണ്ടും സജീവമാക്കാൻ ആഗ്രഹിച്ചു. തന്റെ കൂട്ടുകാരെ തിരുനബി(സ)നും മുസ്‌ലിംകൾക്കുമെതിരിൽ വളരെയേറെ പ്രകോപിതരാക്കിക്കൊണ്ട് ഇത്രയും കൂടി പറഞ്ഞു: ഇനി മദീനയിൽ പോയി അന്തസ്സുള്ള വ്യക്തി അഥവാ സമൂഹം നിന്ദ്യനായ വ്യക്തിയെ അഥവാ സമൂഹത്തെ നഗരത്തിൽനിന്ന് പുറത്താക്കുന്നതാണ്. ആ സമയത്ത് അവിടെ ഉണ്ടായിരുന്ന വളരെ ആത്മാർത്ഥനായ ഒരു മുസ്‌ലിം യുവാവ് സൈദ് ബിൻ അർഖം(റ) ഈ വാക്കുകൾ കേട്ടപ്പോൾ ഉടൻ തന്നെ തന്റെ പിതൃവ്യൻ മുഖേന നബി(സ)നു സംഭവത്തെക്കുറിച്ച് അറിയിപ്പ് കൊടുത്തു. ഹദ്റത്ത് ഉമർ(റ) ഈ വാക്കുകൾ കേട്ടപ്പോൾ കോപംകൊണ്ട് നബി(സ)നോട് അയാളുടെ തല കൊയ്യുന്നതിന് അനുവാദം ചോദിച്ചു. നബി(സ) ശാന്തനാകാനും അബ്ദുല്ലാഹ് ബിൻ ഉബയ്യിനെയും കൂട്ടുകാരെയും വിളിക്കാനും പറഞ്ഞു. അവർ അല്ലാഹുവിനെ ആണയിട്ടുകൊണ്ട് അങ്ങനെയൊന്നും പറഞ്ഞിട്ടില്ലെന്ന് പറഞ്ഞു. നബി(സ) അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ വിശദീകരണങ്ങൾ സ്വീകരിച്ചു;) ജനങ്ങളോട് തിരിച്ചു പുറപ്പെടാനുള്ള കൽപ്പന നൽകി. ഉടൻ തന്നെ മുസ്‌ലിം സൈന്യം മുഴുവനും തിരിച്ചു പോരാൻ തയ്യാറെടുപ്പ് തുടങ്ങി.

അതേ സമയത്ത് ഉസൈദ് ബിൻ ഹുദൈർ അൻസാരി, തിരിച്ചു പുറപ്പെടുന്നതിനെ കുറിച്ച് ചോദിച്ചപ്പോൾ നബി(സ) പറഞ്ഞു: അബ്ദുല്ലാഹ് എന്താണ് പറഞ്ഞതെന്ന് നിങ്ങൾ കേട്ടില്ലേ, ഉസൈദ് പറഞ്ഞു: അതെ യാ റസൂലല്ലാഹ്, അങ്ങ് ആഗ്രഹിക്കുകയാണെങ്കിൽ തീർച്ചയായും അബ്ദുല്ലയെ മദീനയിൽനിന്ന് പുറത്താക്കാൻ കഴിയുന്നതാണ്.

അബ്ദുല്ലായുടെ മകൻ ഈ കാര്യങ്ങൾ അറിയാൻ ഇടയായപ്പോൾ നബിയുടെ സവിധത്തിൽ എത്തി പറഞ്ഞു: അവിടുന്ന് എന്നോട് കൽപ്പിക്കുകയാണെങ്കിൽ ഞാൻ അബ്ദുല്ലായുടെ ശിരസ്സുമായി എത്തുന്നതാണ്. നബി(സ) പറഞ്ഞു: ഞാൻ അയാളെ കൊല്ലാൻ ഉദ്ദേശിക്കുന്നില്ല ആർക്കും അതിനുള്ള കൽപ്പനയും നൽകിയിട്ടില്ല; നാം തീർച്ചയായും അയാളോട് വളരെ നല്ല നിലയിൽ വർത്തിക്കുന്നതാണ്. തിരിച്ചുള്ള ഈ യാത്രയിൽ സൈദ് ബിൻ അർഖം പറഞ്ഞ കാര്യത്തെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് നബി(സ)ക്ക്മേൽ വഹ്‌യ് ഇറങ്ങുകയുണ്ടായി.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: അങ്ങനെ സൈന്യം മദീനയ്ക്ക് അടുത്ത് എത്തിയപ്പോൾ അദ്ദേഹം മുന്നോട്ടുവന്നു തന്റെ പിതാവിന്റെ വഴി തടഞ്ഞുകൊണ്ട് പറഞ്ഞു; നബി(സ)യെ പറ്റി നിങ്ങൾ പറഞ്ഞ കാര്യങ്ങൾ തിരിച്ചു പറയുന്നതുവരെയും ഞാൻ നിങ്ങളെ മദീനയിലേക്ക് കടത്തിവിടുന്നതല്ല. ഏതൊരു നാവുകൊണ്ടാണോ നിങ്ങൾ അല്ലാഹുവിന്റെ റസൂൽ മോശക്കാരൻ എന്നും നിങ്ങളെ ബഹുമാനിതൻ എന്നും പറഞ്ഞത് അതുകൊണ്ടുതന്നെ നിങ്ങൾ, അല്ലാഹുവിന്റെ നബി ഏറ്റവും ബഹുമാന്യനും നിങ്ങൾ മോശക്കാരനും ആണെന്ന് പറയണം. നിങ്ങൾ ഇതു പറയുന്നത്‌വരെയും നിങ്ങളെ ഞാൻ ഒരിക്കലും വിടുന്നതല്ല. അബ്ദുല്ലാഹിബ്നു ഉബയ്യ് അത്ഭുതപ്പെടുകയും ഭയപ്പെടുകയും ചെയ്തുകൊണ്ട് പറഞ്ഞു: എന്റെ മകനേ, ഞാൻ നിന്നോട് യോജിക്കുന്നു. മുഹമ്മദ്(സ) ഏറ്റവും ബഹുമാന്യനും ഞാൻ ഏറ്റവും നിന്ദ്യനുമാകുന്നു. അബ്ദുല്ലാഹ് പിതാവിനെ വിട്ടയക്കുകയും ചെയ്തു

ഈ യാത്രയ്ക്കിടയിൽ തിരുനബി(സ)യുടെ ഒട്ടകം നഷ്ടപ്പെടുകയുണ്ടായി. മുനാഫിഖ് ആയിരുന്ന ഒരാൾ ഇതിൽ സന്തോഷിക്കാൻ തുടങ്ങി; അയാൾ ആൾക്കൂട്ടത്തിൽ പറഞ്ഞു; വലിയ പ്രവചനങ്ങളെ കുറിച്ച് അല്ലാഹു തനിക്ക് പറഞ്ഞുതരുന്നു എന്നു പറയുന്ന തിരുനബി(സ)ക്ക് ഒട്ടകത്തെക്കുറിച്ച് എന്തുകൊണ്ടാണ് അറിവ് കിട്ടാത്തത്? അയാൾ കാപട്യത്തിന്റെ വർത്തമാനങ്ങൾ പറഞ്ഞുതുടങ്ങിയപ്പോൾ അവിടെയുണ്ടായിരുന്നവരെല്ലാം അയാളെ അകറ്റിനിർത്തി. അയാൾ നബി(സ)യുടെ സവിധത്തിൽ വന്നു. നബി(സ) പറഞ്ഞു: മുനാഫിഖിങ്ങളിൽ ഒരാൾ ഒട്ടകം നഷ്ടപ്പെട്ടതിൽ സന്തോഷിക്കുകയാണ്. അല്ലാഹു അല്ലാതെ ആരും തന്നെ അദൃശ്യകാര്യങ്ങൾ അറിയുന്നില്ല. അല്ലാഹു എനിക്ക് ഒട്ടകത്തെക്കുറിച്ചും പറഞ്ഞു തന്നിരിക്കുന്നു. അത് ആ മുന്നിലുള്ള താഴ്‌വരയിൽ ഉണ്ട്. ആ മുനാഫിഖ് അത് കണ്ടപ്പോൾ സ്തബ്ധനായി; അയാൾ കൂട്ടുകാരോട് പറഞ്ഞു: എനിക്ക് നബി(സ)യെ കുറിച്ച് സംശയങ്ങൾ ഉണ്ടായിരുന്നു ഇന്നു തന്നെ ഞാൻ (ശരിക്കും) ഇസ്‌ലാം സ്വീകരിക്കുന്നു. ഏതായാലും ഇതിനെക്കുറിച്ചുള്ള കുറേക്കൂടി സംഭവങ്ങളും വിശദീകരണങ്ങളും പിന്നീട് വിവരിക്കുന്നതാണ് ഇൻശാ അല്ലാഹ്.

ഈ സമയത്ത് ബംഗ്ലാദേശിലെ കാര്യങ്ങൾക്ക് വേണ്ടിയും ദുആക്ക് പറയാൻ ആഗ്രഹിക്കുന്നു. അവിടെ ഭരണകൂടത്തിനെതിരിൽ കലാപം ഉണ്ടായിരിക്കുന്നു. ഭരണവ്യവസ്ഥിതി ഇല്ലാതായിരിക്കുകയാണ്. എന്നാൽ കുഴപ്പങ്ങൾ തുടരുന്നു. ഇപ്പോൾ കുറച്ചൊക്കെ അവസ്ഥകൾ നന്നായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജമാഅത്തിന്റെ വിരോധി സംഘങ്ങൾ ഇതിൽനിന്ന് പ്രയോജനം എടുത്ത് അഹ്മദികൾക്ക് നഷ്ടങ്ങൾ ഉണ്ടാക്കാൻ തുടങ്ങിയിരിക്കുന്നു. നമ്മുടെ പല മസ്ജിദുകൾക്കും കേടുപാടുകൾ വരുത്തിയിട്ടുണ്ട്. അവയെ അഗ്നികരയാക്കി. ജാമിഅഃ അഹ്മദിയക്കും ജമാഅത്ത് കെട്ടിടങ്ങൾക്കും നഷ്ടം വരുത്തിയിരിക്കുന്നു. അവിടെയും കേടുപാടുകൾ ഉണ്ടാക്കുകയും സാധനങ്ങൾക്ക് തീ വയ്ക്കുകയും ചെയ്തിട്ടുണ്ട്. പല അഹ്മദികൾക്കും പരിക്കേറ്റിട്ടുണ്ട്. അവരുടെ വീടുകൾക്ക് നഷ്ടം വരുത്തിയിരിക്കുന്നു. മാത്രമല്ല വീടുകൾ മുഴുവനും തീയിട്ടു എന്നും പറയുന്നു. തികച്ചും അരാജകത്വമാണ്.

അഹ്മദികൾക്ക് ഒരിക്കൽ ജൽസക്കിടയിലും ഇപ്പോൾ രണ്ടു തവണയും ഈ പ്രദേശത്ത് നഷ്ടം സഹിക്കേണ്ടി വന്നിരിക്കുന്നു. എന്നാൽ അവരുടെ വിശ്വാസത്തിൽ അല്പം പോലും ചാഞ്ചല്യം വന്നിട്ടില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിശ്വാസത്തിൽ സുദൃഢമായ അവർ പറഞ്ഞു: അല്ലാഹുവിനുവേണ്ടി ഞങ്ങൾ ഇതെല്ലാം സഹിക്കുന്നതാണ്. അല്ലാഹു കരുണയും അനുഗ്രഹവും ചൊരിയുമാറാകട്ടെ. അഹ്മദികളെ അവന്റെ സംരക്ഷണത്തിൽ വെക്കട്ടെ. എതിരാളികളെ പിടികൂടുമാറാകട്ടെ

അതുപോലെ പാക്കിസ്ഥാനിലെ അഹ്മദികൾക്ക്‌വേണ്ടിയും ദുആ ചെയ്യുക. അവിടെയും കുറച്ച് കഠിനമായ അവസ്ഥകളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അല്ലാഹു അവരെയും എല്ലാ ഉപദ്രവത്തിൽനിന്നും സംരക്ഷിക്കുമാറാകട്ടെ. ഇപ്പോൾ മുല്ലാക്കളും സ്വാർത്ഥ താല്പര്യക്കാരും അഹ്മദികൾക്കെതിരെ കൂടുതൽ സജീവമാണ്. അല്ലാഹുവിന്റെയും റസൂലിന്റെയും പേരിൽ ഇവർ ആക്രമിക്കുകയാണ്. അല്ലാഹു അവരെ പിടികൂടുന്നതിനുള്ള സംവിധാനം എത്രയും പെട്ടെന്ന് ചെയ്യുമാറാകട്ടെ.

ഫലസ്തീനിലെ മുസ്‌ലീങ്ങൾക്ക്‌വേണ്ടിയും ദുആ ചെയ്യുക. അവിടെ അക്രമം നടത്തുന്നവരെയും അല്ലാഹു പിടികൂടുമാറാകട്ടെ. അക്രമവും അവസാനിക്കുമാറാകട്ടെ. മുസ്‌ലിം ലോകത്തിനുവേണ്ടിയും ദുആ ചെയ്യുക. ഇവർ പരസ്പരം ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. അതും അവസാനിക്കുമാറാകട്ടെ. അല്ലാഹുവുമായി ശരിയായ ബന്ധം ഉണ്ടാക്കുന്നവരായിത്തീരട്ടെ. കാലത്തിന്റെ ഇമാമിനെ അംഗീകരിക്കുന്നവരാകുമാറാകട്ടെ. ഇതു മാത്രമാണ് അവരുടെ നിലനിൽപ്പിനുള്ള മാർഗം.

ഹുസൂർ തിരുമനസ്സ് 2 മർഹൂമീങ്ങള അനുസ്മരിക്കുകയും അവരുടെ ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുമുണ്ടായി. ഞാൻ രണ്ട് ജനാസകളും നമസ്കരിപ്പിക്കുന്നതാണ്. ഗുജറാത്ത് ജില്ലയിലെ ചൗധരി അബ്ദുറഹ്മാൻ സാഹിബ് ലാലാ മൂസയുടെ മകനായിരുന്ന ഡോക്ടർ ദക്കാഉർറഹ്മാൻ സാഹിബ് ശഹീദ്. കഴിഞ്ഞ ദിവസം, ജലസ ദിവസങ്ങൾക്കിടയിൽ ഇദ്ദേഹം ശഹീദായി. അദ്ദേഹത്തിനെ 53 വയസ്സ് ആയിരുന്നു. സാമ്പത്തിക ത്യാഗം ചെയ്യുന്ന വ്യക്തിയായിരുന്നു. സൃഷ്ടി സേവനത്വരയും നല്ലപോലെ ഉണ്ടായിരുന്നു. നിരവധി രോഗികൾക്ക് സൗജന്യ ചികിത്സ നൽകിയിരുന്നു. മർഹൂമിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യയും ഒരു മകനും മൂന്ന് പെൺമക്കളും ഉണ്ട്.

രണ്ടാമത്തെ ജനാസ മലിക്ക് ബശീർ അഹ്മദ് സാഹിബിന്റെ ഭാര്യ സയ്യിദ ബശീർ സാഹിബയുടെതാണ്. ഗാനയിൽ മുറബ്ബിയായ മലിക് ഗുലാം അഹ്മദ് സാഹിബിന്റെ മാതാവാണ്. ഫീൽഡിലായിരുന്ന കാരണത്താൽ അദ്ദേഹത്തിന് തന്റെ മാതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല.

മർഹൂമ തഹജ്ജുദിലും മറ്റു നമസ്കാരങ്ങളിലും കൃത്യനിഷ്ഠ ഉണ്ടായിരുന്നവരാണ്. ഖിലാഫത്തുമായി സ്നേഹബന്ധവും ആത്മാർത്ഥതയും ഉണ്ടായിരുന്നു. നല്ലപോലെ ദുആ ചെയ്തിരുന്നു. അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തിപ്പെട്ടിരുന്നു. (ഭൗതികയിൽനിന്നും വിട്ടുനിൽക്കുന്ന) ആത്മാർത്ഥതയുള്ള മാതൃകാ വനിതയായിരുന്നു.

അല്ലാഹു അവരോട് പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. മക്കൾക്കും തലമുറകൾക്കും അവരുടെ നന്മകൾ തുടർന്നു കൊണ്ടു പോകാൻ തൗഫീഖ് നൽകുമാറാകട്ടെ.

* * * * * * *

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 09.08.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516